പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1206

06/02/2020-ൽ
മറുപടിയ്ക്ക്

## പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം<br>ശ്രീ. കെ .വി .വിജയദാസ് | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 5 കോടി, 3 കോടി, 1 കോടി എന്നിങ്ങനെ ഭരണാനുമതി നൽകി പണിപൂർത്തീകരിയ്ക്കുന്നതിനായി ഏതെല്ലാം എസ്.പി.വി.കളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ; | (എ) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപയുടെ പദ്ധതിയിൽ 141 സ്കൂളുകളും 3 കോടി രൂപയുടെ പദ്ധതിയിൽ 96 സ്കൂളുകളുടെ SPV ആയി KITE-നെയും 3 കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെട്ട 50 സ്കൂളുകളുടെ SPV ആയി WAPCOS-ഉം, 67 സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി ആയി ഇൻകെലിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി ആയി 'ഇൻകലിനേയും', 500 നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്കുള്ള 1 കോടി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി ആയി കിലയേയും ചമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ആകെ എത്ര സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഇതിൽ പണി തുടങ്ങുവാൻ കഴിഞ്ഞിട്ടുള്ളത് എത്ര സ്കൂളുകൾക്കാണെന്നും ഇതിനോടകം തന്നെ പണി പൂർത്തീകരിയ്ക്കുവാൻ കഴിഞ്ഞിട്ടുള്ളത് എത്ര സ്കൂളുകൾക്കാണെന്നുമുള്ള വിവരങ്ങൾ നൽകുമോ; | (ബി) ഭരണാനുമതി ലഭിച്ച സ്കൂളുകളുടെ എണ്ണം - 141 (5 കോടി) + 220 (3 കോടി) + 166 (3 കോടി) + 446 ( 1 കോടി) = 973.<br>5 കോടി കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 21 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി |

ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 11 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

| | |
|---|---|
| (സി) നാളിതുവരെ പണി ആരംഭിയ്ക്കുവാൻ കഴിയാത്ത സ്കൂളുകളുടെ വർക്ക് പി.ഡബ്ല്യു.ഡി.യെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ? | (സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

Namitha. P

സെക്ഷൻ ഓഫീസർ